# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 384** **28-11-2018 - ൽ മറുപടിയ്ക്ക്**

## ഉപഭോക്തൃതർക്ക പരിഹാര കമ്മീഷനിലെ ഒഴിവുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. ഹൈബി ഈഡൻ** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മീഷനിലും ജില്ലാ ഉപഭോക്തൃതർക്ക പരിഹാര ഫോറങ്ങളിലും മെമ്പർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; എന്നു മുതലാണ് പ്രസ്തുത ഒഴിവുകൾ നിലവിൽ വന്നത്; ഒഴിവുകളുടെ ജില്ല തിരിച്ചുള്ള വിവരം വെളിപ്പെടുത്തുമോ; | (എ) | സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മീഷനിൽ ഒരു അംഗത്തിന്റെയും, ജില്ലാ ഉപഭോക്തൃതർക്ക പരിഹാര ഫോറങ്ങളിൽ 16 മെമ്പർമാരുടെയും ഒഴിവുകൾ നിലവിലുണ്ട്. വിശദവിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) 2019 മാർച്ച് 31-ന് മുൻപ് ഒഴിവു വരുന്നത് ഏതൊക്കെ ജില്ലാ ഫോറങ്ങളിലാണെന്നും, പ്രസ്തുത കാലയളവിൽ സംസ്ഥാന ഉപഭോക്തൃ കമ്മീഷനിലും ഒഴിവുവരുന്നുണ്ടോ എന്നും വെളിപ്പെടുത്തുമോ; | (ബി) | 2019 മാർച്ച് 31-ന് മുൻപ് സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലും, പത്തനംതിട്ട ജില്ലാ ഉപഭോക്തൃതർക്ക പരിഹാര ഫോറത്തിലും പ്രസിഡന്റുമാരുടേയും, കൊല്ലം, വയനാട് ഫോറങ്ങളിൽ ജനറൽ മെമ്പർമാരുടേയും, പാലക്കാട് ഫോറത്തിൽ വനിത അംഗത്തിന്റേയും, കോട്ടയം, മലപ്പുറം ഫോറങ്ങളിൽ ജനറൽ, വനിത അംഗങ്ങളുടേയും ഒഴിവുകൾ ഉണ്ടാകും. |
| (സി) നിലവിലുള്ള ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചത് എന്നാണ്; അപേക്ഷ നൽകേണ്ട അവസാന തീയതി എന്നായിരുന്നു; | (സി) | വിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (ഡി) ഓരോ ജില്ലയിലേക്കുമുള്ള ഒഴിവുകളിൽ എത്ര അപേക്ഷകൾ വീതം ലഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത അപേക്ഷകളിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (ഡി) | ജില്ലാ കളക്ടർമാർ മുഖേനയാണ് അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. എല്ലാ ജില്ലാ കളക്ടർമാരിൽ നിന്നും അപേക്ഷകരുടെ പാനൽ ലഭ്യമായിട്ടില്ല. |

(ഇ) പ്രസിഡന്റുമാരും മെമ്പർമാരും ഇല്ലാതെ പ്രവർത്തനരഹിതമായ ജില്ലാ ഫോറങ്ങൾ എതൊക്കെ ആണ്; ഇത് സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതിയിൽ കേസുകൾ നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ഇ) പ്രസിഡന്റും 2 അംഗങ്ങളും ഇല്ലാത്ത ഫോറങ്ങളുടെ പ്രവർത്തനം സുഗമമായി നടക്കുന്നതിനായി സമീപ ജില്ലാ ഫോറങ്ങളിലെ പ്രസിഡന്റിനും/ അംഗങ്ങൾക്കും താല്കാലിക ചുമതല നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതിയിൽ ഒരു കേസ് നിലവിലുണ്ട്. കേസ് കോടതിയുടെ പരിഗണനയിലാണ്. കേസിൽ കോടതി വിധി പുറപ്പെടുവിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ.

## അനുബന്ധം - 1

| Office | Post | |
|---|---|---|
| State Commission (CDRC) | General Member (Vacant from 05/06/2018) | - |
| District Forum | Post | |
| Thiruvananthapuram | General Member (Vacant from 12/07/2018) | Lady Member (Vacant from 12/07/2018) |
| Kollam | - | Lady Member (Vacant from 30/01/2017) |
| Pathanamthitta | - | Lady Member (Vacant from 31/01/2017) |
| Alappuzha | General Member (Vacant from 19/07/2018) | Lady Member (Vacant from 22/07/2018) |
| Idukki | General Member (Vacant from 04/11/2018) | Lady Member (Vacant from 28/01/2017) |
| Ernakulam | General Member (Vacant from 21/10/2018) | Lady Member (Vacant from 23/10/2018) |
| Thrissur | - | Lady Member (Vacant from 27/03/2018) |
| Wayanad | - | Lady Member (Vacant from 21/03/2018) |
| Kozhikkode | - | Lady Member (Vacant from 26/10/2018) |
| Kannur | General Member (Vacant from 30/10/2018) | Lady Member (Vacant from 28/10/2018) |
| Kasaragod | - | Lady Member (Vacant from 03/03/2018) |

സെക്ഷൻ ഓഫീസർ

# അനുബന്ധം - 2

| സംസ്ഥാന ഉപഭോക്തൃ കമ്മീഷൻ ജനറൽ മെമ്പർ | അപേക്ഷ ക്ഷണിച്ച തീയതി 24-04-2018 | അപേക്ഷ നല്കേണ്ട അവസാന തീയതി 30-05-2018 |
|---|---|---|

| ഉപഭോക്തൃ ഫോറത്തിന്റെ പേര് | അപേക്ഷ ക്ഷണിച്ച തീയതി | അപേക്ഷ നല്കേണ്ട അവസാന തീയതി |
|---|---|---|
| തിരുവനന്തപുരം (ജനറൽ & വനിത മെമ്പർ) | 26-04-2018 | 30-05-2018 |
| കൊല്ലം വനിത മെമ്പർ | 29-05-2017 | 05/07/17 |
| പത്തനംതിട്ട വനിത മെമ്പർ | 29-05-2017 | 05/07/17 |
| ആലപ്പുഴ (ജനറൽ & വനിത മെമ്പർ) | 25-04-2018 | 30-05-2018 |
| ഇടുക്കി ജനറൽ മെമ്പർ<br>വനിത മെമ്പർ | 18-09-2018<br>29-05-2017 | 25-10-2018<br>05-07-2017 |
| എറണാകുളം ജനറൽ മെമ്പർ<br>വനിത മെമ്പർ | 28-09-2018<br>13-09-2018 | 30-10-2018<br>20-10-2018 |
| തൃശ്ശൂർ വനിത മെമ്പർ | 15-03-2018 | 25-04-2018 |
| വയനാട് വനിത മെമ്പർ | 27-03-2018 | 30-04-2018 |
| കോഴിക്കോട് വനിത മെമ്പർ | 17-09-2018 | 25-10-2018 |
| കണ്ണൂർ (ജനറൽ & വനിത മെമ്പർ) | 11/06/18 | 20-07-2018 |
| കാസർകോഡ് വനിത മെമ്പർ | 17-09-2018 | 25-10-2018 |

സെക്ഷൻ ഓഫീസർ